ബേപ്പൂരിൽ നടന്ന സംഘട്ടനം

69 (2998)ശ്രീ. വി.ജെ. പൗലോസ് :
ശ്രീമതി റോസമ്മ ചാക്കോ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യ മന്ത്രി സദയം മറുപടി നൽകുമോ:

(എ) ബേപ്പൂരിൽ 12.4.99-ൽ നടന്ന സംഘട്ടനത്തിന് ആധാരമായ കാരണം എന്തായിരുന്നു;

(ബി) ഇതിൽ ഉൾപ്പെട്ടവർ ആരെല്ലാമായിരുന്നു;

(സി) ഇവർ ഏതൊക്കെ രാഷ്ട്രീയ പാർട്ടി പ്രവർത്തകരായിരുന്നു;

(ഡി) ഈ സംഭവത്തിൽ മരിച്ചവരും, പരിക്ക് പറ്റിയവരും നാശനഷ്ടം സംഭവിച്ചവരും ആരൊക്കെയായിരുന്നു;

(ഇ) ഈ സംഭവത്തിൽ മരണമടഞ്ഞവരുടെ ആശ്രിതർക്കോ പരിക്കേറ്റവർക്കോ, നഷ്ടം സംഭവിച്ചവർക്കോ എന്തെങ്കിലും സാമ്പത്തിക സഹായം സർക്കാരിൽ നിന്ന് നൽകുകയുണ്ടായോ;

(എഫ്)എങ്കിൽ ആർക്കൊക്കെ എത്ര രൂപ വീതം നൽകിയിട്ടുണ്ട്;

(ജി) ഏത് മാനദണ്ഡം അനുസരിച്ചാണ് തുക നിശ്ചയിച്ചതെന്ന് വ്യക്തമാക്കാമോ;

(എച്ച്) സാമ്പത്തിക സഹായം നൽകണമെന്ന് ഏതെങ്കിലും ഉദ്യോഗസ്ഥർ ശുപാർശ ചെയ്തിട്ടുണ്ടോ;

(ഐ) ബേപ്പൂർ സംഭവത്തിൽപ്പെട്ടവർക്ക് ധനസഹായം നൽകാനുള്ള ഉത്തരവിന്റെ കോപ്പി ലഭ്യമാക്കുമോ;

(ജെ) സംഭവത്തിൽ ഉൾപ്പെട്ട എല്ലാവർക്കും സഹായം നൽകിയിട്ടുണ്ടോ?

ഉത്തരം

(എ)-(ജെ) ആർ.എസ്.എസ്. ആന്റ് ബി.ജെ.പി. പ്രവർത്തകനായ മനോജിന്റെ സംശയകരമായ മരണത്തെത്തുടർന്ന് സി.പി.ഐ.(എം) പ്രവർത്തകർക്കും അവരുടെ വീടുകൾക്കും നേരെ ആർ.എസ്.എസ്., ബി.ജെ.പി. പ്രവർത്തകർ അക്രമം നടത്തുകയാണുണ്ടായത്. അക്രമത്തിൽ സി.പി.ഐ.(എം) പ്രവർത്തകനായ സുജീഷ് കൊല്ലപ്പെടുകയും രണ്ടുപേർക്ക് പരിക്കേൽക്കുകയും ചെയ്തു. ആർ.എസ്.എസ്./ബി.ജെ.പി. പ്രവർത്തകരുടെ അക്രമത്തിൽ 17 വീടുകൾക്ക് നാശനഷ്ടങ്ങൾ ഉണ്ടായിട്ടുണ്ട്. വീടുകൾക്കുണ്ടായ നാശനഷ്ടങ്ങൾ സംബന്ധിച്ച് ജില്ലാ കളക്ടർ അന്വേഷണം നടത്തി സമർപ്പിച്ച റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽനിന്നും സഹായം അനുവദിച്ചിട്ടുണ്ട്. ജില്ലാ കളക്ടർ ശുപാർശ ചെയ്ത സംഖ്യയുടെ 80% ധനസഹായം നൽകിയിട്ടുണ്ട്. സർക്കാർ ഉത്തരവിന്റെ പകർപ്പ് അനുബന്ധമായി ചേർത്തിട്ടുണ്ട്.*

---

* അനുബന്ധം VIII

LIBRARY ARCHIVES Kerala Legislative Assembly

അനുബന്ധം VII

[19-7-99-ലെ നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ 68 (2997)-ന്റെ 'ബി' ഉത്തരം കാണുക]

1. ശ്രീ. റ്റി.ആർ. മോഹനൻ, ഡെപ്യൂട്ടി പോലീസ് സൂപ്രണ്ട്.
2. ശ്രീ. തോമസ് എബ്രഹാം, ഡെപ്യൂട്ടി പോലീസ് സൂപ്രണ്ട്.
3. ശ്രീ. വി.കെ. സുകുമാരൻ, ഡെപ്യൂട്ടി പോലീസ് സൂപ്രണ്ട് (റിട്ടയേർഡ്)
4. ശ്രീ. മുഹമ്മദ് ഹുസൈൻ, ഡെപ്യൂട്ടി പോലീസ് സൂപ്രണ്ട്.
5. ശ്രീ. ജോർജ്ജ് വർഗ്ഗീസ്, ഇൻസ്പെകടർ ഓഫ് പോലീസ്
6. ശ്രീ. റ്റി.വി. ബഞ്ചമിൻ, ഇൻസ്പെക്ടർ ഓഫ് പോലീസ്
7. ശ്രീ. വി. കുട്ടപ്പൻ, ഇൻസ്പെക്ടർ ഓഫ് പോലീസ്
8. ശ്രീ. കെ.എം. വർഗ്ഗീസ്, അഡീഷണൽ പോലീസ് സബ് ഇൻസ്പെക്ടർ
9. ശ്രീ. പി.സി. സജീവൻ, പോലീസ് സബ് ഇൻസ്പെക്ടർ
10. ശ്രീ. പി. സുരേന്ദ്രൻ, വലിയാനമുറി അബ്ക്കാരി കോൺട്രാക്ടർ
11. ശ്രീ. കെ. കിഷോർ, കൊട്ടാരക്കര (സ്വകാര്യ വ്യക്തി)
12. ശ്രീ. ഷാഫി, പേയാട് (സ്വകാര്യ വ്യക്തി)
13. ശ്രീ. എ. രഘുനാഥ്, സബ് ഇൻസ്പെക്ടർ ഓഫ് പോലീസ്
14. ശ്രീ. സി.ജെ. ബാബു, അസിസ്റ്റന്റ് എക്സൈസ് കമ്മീഷണർ
15. ശ്രീ. ബി. സോമരാജൻപിള്ള, എക്സൈസ് സർക്കിൾ ഇൻസ്പെക്ടർ
16. ശ്രീ. വി. ത്യാഗരാജൻ, എക്സൈസ് സർക്കിൾ ഇൻസ്പെക്ടർ
17. ശ്രീ. എം. മോഹൻദാസ്, എക്സൈസ് സർക്കിൾ ഇൻസ്പെക്ടർ
18. ശ്രീ. എൻ.എസ്. സലീൻകുമാർ, എക്സൈസ് ഇൻസ്പെക്ടർ
19. ശ്രീ. സി.എസ്. ബാലകൃഷ്ണൻ, എക്സൈസ് ഇൻസ്പെക്ടർ
20. ശ്രീ. പി.എസ്. ഗോപി, മാനേജർ, എക്സൈസ് ഡിവിഷൺ ഓഫീസ്, പത്തനംതിട്ട
21. ശ്രീ. തോമസ് കെ. എബ്രഹാം, എക്സൈസ് ഇൻസ്പെക്ടർ
22. ശ്രീ. പി.പി. അലിയാരുകുഞ്ഞ്, എക്സൈസ് ഇൻസ്പെക്ടർ

അനുബന്ധം VIII

[19-7-1999-ലെ നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ 69 (2998)-ന്റെ ഉത്തരം ദയവായി കാണുക]

കേരള സർക്കാർ

സംഗ്രഹം

മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധി - കോഴിക്കോട് ജില്ല - 12.4.1999-ന് ബേപ്പൂർ പഞ്ചായത്തിൽ ഉണ്ടായ അക്രമസംഭവങ്ങളിൽ നാശനഷ്ടം സംഭവിച്ച വർക്ക് ധനസഹായം അനുവദിച്ചുകൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

റവന്യൂ (ജെ) വകുപ്പ്

ജി.ഒ.(ആർ.റ്റി.)നം: 2310/99/റവ. തിരുവനന്തപുരം, തീയതി : 3.6.1999

പരാമർശം: കോഴിക്കോട് ജില്ലാ കളക്ടറുടെ 25.4.1999-ലെ എസ്2/18418/99 നമ്പർ കത്ത്.

ഉത്തരവ്

കോഴിക്കോട് ജില്ലയിൽ, ബേപ്പൂർ താലൂക്കിൽ 12.4.1999-ന് ഉണ്ടായ ആക്രമണത്തിൽ 17 വീടുകൾക്ക് നാശനഷ്ടം സംഭവിച്ചതായും അവർക്ക്

LIBRARY ARCHIVES Kerala Legislative Assembly

നഷ്ടപരിഹാരം നൽകുന്ന കാര്യം പരിഗണിക്കണമെന്നും പരാമർശത്തിലെ കത്തുപ്രകാരം കോഴിക്കോട് ജില്ലാ കളക്ടർ സർക്കാരിനോട് ആവശ്യപ്പെട്ടിരിക്കുന്നു.

2. സർക്കാർ ഇക്കാര്യം പരിശോധിച്ചു. തങ്ങളുടേതല്ലാത്ത കുറ്റത്തിന് അക്രമത്തിനും കഷ്ടനഷ്ടങ്ങൾക്കും വിധേയരായവരായതിനാൽ ഒരു പ്രത്യേക കേസായി പരിഗണിച്ച് ജില്ലാ കളക്ടർ തിട്ടപ്പെടുത്തിയ നാശനഷ്ടത്തിന്റെ 80 ശതമാനം തുക വീതം മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിൽനിന്നും അനുബന്ധത്തിൽ പറയുന്ന 17 പേർക്ക് അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

3. മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയുടെ ഖജാൻജിയായ ധനകാര്യ വകുപ്പ് സെക്രട്ടറി 6,07,600/- രൂപ (ആറ് ലക്ഷത്തി ഏഴായിരത്തി അറുന്നൂറ് രൂപ) കോഴിക്കോട് ജില്ലാ കളക്ടർക്ക് നൽകേണ്ടതും, ജില്ലാ കളക്ടർ പ്രസ്തുത തുക അപേക്ഷകർക്ക് അടിയന്തിരമായി നൽകി വിവരം സർക്കാരിനെ അറിയിക്കേണ്ടതുമാണ്.

ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം,
ജി. രവീന്ദ്രൻ നായർ,
ജോയിന്റ് സെക്രട്ടറി.

എല്ലാ അപേക്ഷകർക്കും.
ജില്ലാ കളക്ടർ, കോഴിക്കോട്.
ധനകാര്യ വകുപ്പ് സെക്രട്ടറി (മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധി ഖജാൻജി)
സ്റ്റോർ ഫയൽ/ഓഫീസ് കോപ്പി.

പകർപ്പ്:

മുഖ്യമന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്
റവന്യൂ വകുപ്പ് സ്പെഷ്യൽ സെക്രട്ടറിയുടെ സി.എ.ക്ക്.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

ക്രമ നമ്പർ	പേരും വിലാസവും	കളക്ടർ തിട്ടപ്പെടുത്തിയ നാശനഷ്ടത്തിന്റെ തോത്	അനുവദിച്ച തുക (രൂപ)
1.	ശ്രീ. ശശി, കരുപള്ളി, ബേപ്പൂർ പി.ഒ. കോഴിക്കോട്	75,000/-	60,000/-
2.	ശ്രീമതി സുഭാഷിണി, ശിവദാസൻ ഭാര്യ അച്ചുഹൗസ് നോർത്ത് ബേപ്പൂർ പി.ഒ. കോഴിക്കോട്.	65,000/-	52,000/-
3.	ശ്രീ. ഹരിദാസൻ പിഞ്ഞാണത്ത്, കുട്ടൻ മകൻ, നോർത്ത് ബേപ്പൂർ കോഴിക്കോട്	30,000/-	24,000/-

LIBRARY ARCHIVES Kerala Legislative Assembly

4.	ശ്രീ. പ്രജിത്ത്, രാജൻ മകൻ, പേരോത്ത് നടുവട്ടം, ബേപ്പൂർ, കോഴിക്കോട്	5,000/-	4,000/-
5.	ശ്രീമതി പുഷ്പ, പ്രകാശൻ ഭാര്യ, പേരോത്ത് നടുവട്ടം, ബേപ്പൂർ, കോഴിക്കോട്	50,000/-	40,000/-
6.	ശ്രീമതി ദേവകി, ഉള്ളാട്ടുതൊടി, ഗോപാലൻ ഭാര്യ, നടുവട്ടം, കോഴിക്കോട്	36,000/-	28,800/-
7.	ശ്രീ. ബീരാൻകുട്ടി പുത്തൻ വീട്ടിൽ, മാങ്ങോട്ടിൽ, നോർത്ത് ബേപ്പൂർ, കോഴിക്കോട്	7,500/-	6,000/-
8.	ശ്രീമതി ജനീല, പേരോത്ത്, രാജീവൻ ഭാര്യ, നടുവട്ടം, കോഴിക്കോട്	7,500/-	6,000/-
9.	ശ്രീ. എം. നാരായണൻ കുട്ടി, ഉണ്ണികൃഷ്ണമേനോൻ, സുജനിവാസ്, വെള്ളവാലിപറമ്പ്, കക്കുടിത്തോട്, നോർത്ത് ബേപ്പൂർ, കോഴിക്കോട്	10,000/-	8,000/-
10.	ശ്രീമതി ശോഭന, ഗണേശൻ ഭാര്യ, കരുവൻ തറയിൽ, കമ്മ്യൂണിറ്റി ഹാളിന് വടക്ക്, ബേപ്പൂർ പി.ഒ., കോഴിക്കോട്	9,000/-	7,200/-
11.	ശ്രീമതി ആനന്ദവല്ലി. പി., സുനിതകുമാരി, പിണ്ണാണത്ത് ഹൗസ്, നടുവട്ടം, നോർത്ത് ബേപ്പൂർ, കോഴിക്കോട്	2,50,000/-	2,00,000/-
12.	ശ്രീമതി ചേരാപറമ്പത്ത് സാവിത്രി, കിഴക്കുംപാടം, ബേപ്പൂർ പി.ഒ., കോഴിക്കോട്	7,500/-	6,000/-
13.	ശ്രീമതി രാജലക്ഷ്മി, ബാലകൃഷ്ണൻ ഭാര്യ, പേരോത്ത്, നടുവട്ടം, ബേപ്പൂർ, കോഴിക്കോട്	50,000/-	40,000/-
14.	ശ്രീ. പ്രകാശൻ, വേലായുധൻ മകൻ, ചങ്ങലംകണ്ടി, ശിവപുരി റോഡ്, കൽക്കുന്നത്ത് അമ്പലത്തിന് സമീപം, നടുവട്ടം, ബേപ്പൂർ, കോഴിക്കോട്	50,000/-	40,000/-
15.	ശ്രീ. രാധാകൃഷ്ണൻ, പേരോത്ത്, ചോയിക്കുട്ടി മകൻ, കമാനപാലത്തിന്സമീപം, ബേപ്പൂർ, കോഴിക്കോട്,	1,000/-	800/-
16.	ശ്രീമതി ടി.എം. ഇന്ദിര, ഗോവിന്ദൻ നമ്പൂതിരി ഭാര്യ, ഉഷസ്, തെടിയാൻ കോവിലകപ്പറമ്പ്, ബേപ്പൂർ, കോഴിക്കോട്	1,00,000/-	80,000/-

LIBRARY ARCHIVES Kerala Legislative Assembly

17. ശ്രീ. ശിവദാസൻ, കോഴിക്കോടൻവീട്,
ബേപ്പൂർ പി.ഒ. കോഴിക്കോട് 6,000/- 4,800/-
ആകെ രൂപ 6,07,600/-
(ആറ് ലക്ഷത്തി ഏഴായിരത്തി അറുന്നൂറ് രൂപാ മാത്രം)

അനുബന്ധം IX

[19-7-1999-ലെ നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ 80 (3009)-ന്റെ 'ബി' ഉത്തരം ദയവായി കാണുക]

അക്രമം നടന്ന ആശുപത്രിയുടെ പേര്	പ്രതികളുടെ പേരുവിവരം	ക്രൈം കേസ് നമ്പരും സെക്ഷനും
(1)	(2)	(3)
1. മെഡിക്കൽ കോളേജ് ആശുപത്രി, തിരുവനന്തപുരം	എ.ഐ.വൈ.എഫ്. പ്രവർത്തകരായ 1. സോളമൻ, 2. ജയചന്ദ്രൻ, 3. പി.കെ. തമ്പി 4. വിജയൻ മറ്റ് കണ്ടാലറിയാവുന്ന 45-ഓളം പ്രവർത്തകരും	മെഡിക്കൽ കോളേജ് പി. എസ്. ക്രൈം നം.86/99.യു/ എസ്.143, 147, 149,447,332 ഐ.പി.സി. ആന്റ് സെക്ഷൻ 3(2) (സി) ഓഫ് പി.ഡി.പി.പി. ആക്ട്.
2. അരുമന ആശുപത്രി, പെരുന്താണി, തിരുവനന്തപുരം	1. മാത്തുകുട്ടി, 2. ഹാജാ 3. നാസ്സർ മറ്റു കണ്ടാലറിയാവുന്ന മൂന്നു പേരും	ഫോർട്ട് പി.എസ്. ക്രൈം നം.182/99.യു/എസ് 143, 149, 323, 427 ഐ.പി.സി.
3. ലക്ഷ്മി ആശുപത്രി, പയപ്പിള്ളി, എറണാകുളം	1. സേവ്യർ, 2. കുഞ്ഞുമോൻ	മട്ടാഞ്ചേരി പി.എസ്. ക്രൈം. നം. 91/99. യു./എസ്. 448, 427. ഐ.പി.സി.
4. ലിറ്റിൽ ഫ്ളവർ ആശുപത്രി, അങ്കമാലി	തിരിച്ചറിഞ്ഞിട്ടുള്ള പ്രതികൾ 1. സുനിൽ, 2. ബിജു വർഗ്ഗീസ്, 3. ജോർജ്ജ്. 4. സാബു. 5. ജെയിംസ് 6. ആന്റണി. 7. വർഗ്ഗീസ് 8. ബാബു 9. അജി 10. ലാസർ 11. ബെന്നി 12.ജീസുമോൻ 13. അശോകൻ 14.ജോയി	അങ്കമാലി പി.എസ്. ക്രൈം നം.331/99.യു/എസ് 143, 147, 148, 447, 452, 427, 502 (1) ആർ/ഡബ്ല്യു 149. ഐ.പി.സി. പ്രകാരം രജിസ്റ്റർചെയ്ത് വിശദമായ അന്വേഷണത്തിനായി ക്രൈംബ്രാഞ്ച് വിഭാഗത്തിന് കൈമാറിയിട്ടുണ്ട്.
5. ജില്ലാ ആശുപത്രി, പാലക്കാട്	1. മുരളീധരൻ, 2. ഇ.പി. രാമകൃഷ്ണൻ, 3. മുരളി അമ്പാടി, 4. സുരേഷ് ബാബു, 5. ബാലകൃഷ്ണൻ, 6. ചാമിയപ്പൻ, 7. എ.മോഹൻദാസ്, 8. ഗംഗാധരൻ, 9. മണികണ്ഠൻ, 10. ശെൽവൻ, 11. സുന്ദരൻ	പാലക്കാട് ടൗൺ പി.എസ്.ക്രൈം നം. 378/99.യു/എസ് 143, 147, 148, 353, ആർ/ഡബ്ല്യു 149 ഐ.പി.സി. പ്രകാരം

LIBRARY ARCHIVES Kerala Legislative Assembly